**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4311** **06-03-2023 - ൽ മറുപടിയ്ക്ക്**

**കാവശ്ശേരി പഞ്ചായത്തിന് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിന് ആദ്യ ഗഡുവായി നൽകിയ ഇരുപത്തഞ്ച് ലക്ഷം രൂപ എംപ്ലോയീസ് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് ഇല്ല എന്ന കാരണത്താൽ കാവശ്ശേരി പഞ്ചായത്തിന് കൈമാറാൻ സാധിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇന്ദുചൂഡൻ സ്മാരക മന്ദിരത്തിനായി ബജറ്റിൽ നാളിതുവരെ ശീർഷകം തുറന്ന് അനുവദിച്ചിട്ടില്ല. സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖ്യനിയന്ത്രണാധികാരിയായ '2205-00-102-98-36- പ്രമുഖ കലാകാരൻമാരുടെയും സാഹിത്യകാരൻമാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം' എന്ന പദ്ധതി ശീർഷകത്തിൽ നിന്നും 25 ലക്ഷം രൂപ 11-05-2020- ലെ സ.ഉ (സാധാ) നം.215/2020/സാം.കാ.വ. പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ഈ തുക അലോക്കേഷൻ സിസ്റ്റം വഴി നിർവഹണാധികാരിയായ പഞ്ചായത്ത് വകുപ്പിന് ഫണ്ട് അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ക്രോസ് മാപ്പ് ചെയ്തു കൊണ്ട് 04/03/2023 ൽ സ.ഉ (സാധാ) നമ്പർ 1606/2023/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക കൈമാറുന്നതിന് കാവശ്ശേരി പഞ്ചായത്തിന് അനുയോജ്യമായ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നത് ധനകാര്യ വകുപ്പ് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഇന്ദുചൂഡൻ സ്മാരക മന്ദിരത്തിനായി ബജറ്റിൽ നാളിതുവരെ ശീർഷകം തുറന്ന് അനുവദിച്ചിട്ടില്ല. സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖ്യനിയന്ത്രണാധികാരിയായ '2205-00-102-98-36- പ്രമുഖ കലാകാരൻമാരുടെയും സാഹിത്യകാരൻമാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം' എന്ന പദ്ധതി ശീർഷകത്തിൽ നിന്നും 25 ലക്ഷം രൂപ 11-05-2020- ലെ സ.ഉ (സാധാ) നം.215/2020/സാം.കാ.വ. പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ഈ തുക അലോക്കേഷൻ സിസ്റ്റം വഴി നിർവഹണാധികാരിയായ പഞ്ചായത്ത് വകുപ്പിന് ഫണ്ട് അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ക്രോസ് മാപ്പ് ചെയ്തു കൊണ്ട് 04/03/2023 ൽ സ.ഉ (സാധാ) നമ്പർ 1606/2023/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ